(സി) സംസ്ഥാനത്തെ സഹകരണ മേഖല തകർന്നാൽ അത് സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ വൻ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന് വിലയിരുത്തുന്നു. ദീർഘനാളത്തെ പാരമ്പര്യമുള്ളതും വിവിധ മേഖലകളിലായി പടർന്നുപന്തലിച്ച് നിൽക്കുന്നതുമാണ് സഹകരണ മേഖല. സാധാരണക്കാരന്റെ കൈത്താങ്ങായ ഈ മേഖലയ്ക്ക് കോട്ടം സംഭവിച്ചാൽ അത് സംസ്ഥാനത്തെ ഇരുണ്ട നാളുകളിലേയ്ക്ക് നയിക്കുമെന്ന് കാണുന്നു. ഈ വിഷയം സംബന്ധിച്ച് സഹകാരികൾക്കും ഭരണാധികാരികൾക്കും വ്യക്തമായ കാഴ്ചപ്പാടുണ്ട്. അപ്രകാരം ഒരു തകർച്ചയുണ്ടാകാതിരിക്കാൻ സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

10 (*190) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ):

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

രീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉല്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി., സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ധ്യം നേടിയ അഞ്ച് പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽസേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിദഗ്ധന്റെ സേവനം ലഭ്യമാക്കുക, മണ്ണ് പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ച് ആയതിന്റെ സേവനം കർഷകർക്ക് ലഭ്യമാക്കുക, ആധുനിക കാർഷിക രീതികളായ പോളിഹൗസ്, ഗ്രീൻഹൗസ് എന്നിവ നടപ്പിലാക്കുക, ആധുനിക കാർഷിക ലൈവനഴ്സറികൾ സ്ഥാപിച്ച് ഗുണമേന്മയുള്ള തൈകൾ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിനാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും 2013-14-ൽ രണ്ടാംഘട്ടമായി 20 സഹകരണസംഘങ്ങളിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുമടക്കം ആകെ 60 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നു. കർഷകസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം ബ്ലോക്കു തലത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കർഷക സേവനകേന്ദ്രം പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് കോ-ചെയർമാനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനും ബ്ലോക്കിലെ ഇതര ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സർവ്വീസ് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിലെ ഭരണസമിതി അംഗങ്ങൾ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്കിലെ കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർ, സഹകരണ വകുപ്പിലെ യൂണിറ്റ് ഇൻസ്പെക്ടർ, സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറി എന്നിവർ അംഗങ്ങളായും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും ബ്ലോക്കുതല മോണിറ്ററിംഗ് കമ്മിറ്റിയും സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറും കൃഷി ഡയറക്ടർ, ആസൂത്രണ ബോർഡ് അഗ്രികൾച്ചറൽ വിഭാഗം മേധാവി, കർഷക സേവനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന പ്രാഥമിക അഗ്രികൾച്ചറൽ ക്രഡിറ്റ് സംഘങ്ങളുടെ പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളായി സംസ്ഥാനതല റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കർഷക സേവനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട ബാങ്കിംഗ് സംവിധാനം

11(*191) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ചെറുകിട ബാങ്കിംഗ് സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിസർവ് ബാങ്കിൽനിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ടോ ;

(സി) കാർഷിക വായ്പയുടെ യഥാസമയമുള്ള തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ 'ഗ്രഡ് പേ മാസ്റ്റർ', 'ആശ്വാസ് 2015' തുടങ്ങിയ പദ്ധതി നടപ്പിലാക്കി തുടങ്ങിയോയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബാങ്കിൽനിന്നും സബ്സിഡി നിരക്കിലുള്ള വായ്പകൾ നൽകാറുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; സബ്സിഡി നിരക്കിൽ കാർഷിക വായ്പ നൽകുന്നതിനായി ബാങ്കിന്റെ ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്താൻ തയ്യാറാകുമോ ; വ്യക്തമാക്കുമോ?

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ):

(എ) 13-11-2015-ൽ കൂടിയ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ വാർഷിക പൊതുയോഗത്തിൽ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ചെറുകിട ബാങ്കിംഗ് സംവിധാനം ആരംഭിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി റിസർവ് ബാങ്കിനോട് അപേക്ഷിക്കുന്നതിനുള്ള അനുവാദത്തിനായി സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly